# സെന്റ് തോമസ് യു.പി. സ്കൂൾ

## വകയാർ-കോന്നി

ഫോൺ: 0468 2244456

# അക്കാദമിക മാസ്റ്റർപ്ലാൻ 2025



# മികവിന്റ
# പാതയിൽ



# ഉള്ളടക്കം


1. കവർപേജ്
2. ആമുഖം.
3. കാഴ്ചപ്പാട്.
4. പൊതുലക്ഷ്യങ്ങൾ.
5. അക്കാദമിക പ്രവർത്തനങ്ങൾ.
6. ഉപസംഹാരം.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

സ്കൂളിന്റെ പേര് : സെന്റ്. തോമസ് യു.പി.എസ്
: വകയാർ

ഉപജില്ല : കോന്നി.

വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട

ജില്ല : പത്തനംതിട്ട.

മാസ്റ്റർ പ്ലാൻ പിരീഡ് : 2025-2026

# ആമുഖം

കോന്നി ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ വകയാർ എന്ന സ്ഥലത്ത് സ്വച്ഛവും സുന്ദരവുമായ ഗ്രാമാന്തരീക്ഷത്തിൽ ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. ഏകദേശം 56 വർഷത്തിൽ അധികം പഴക്കമുള്ള ഒരു എയ്ഡഡ് യു. പി. സ്കൂളാണിത്.

പത്തനംതിട്ട ജില്ലയിലെ മലയോര ഗ്രാമമായ കോന്നിയിൽ വികസനത്തിന്റെ വാതായനങ്ങൾ തുറക്കും മുമ്പ് വിജ്ഞാനത്തിന്റെ വിത്ത് പാകികൊണ്ട് 1964-ൽ ബഹു. മുൻ എം. എൽ. എ, പി. ജെ. തോമസ് അവർകളുടെ കഠിനാധ്വാനത്തിന്റെ ഫലമായാണ് ഈ വിദ്യാലയത്തിന്റെ തുടക്കം. സമൂഹത്തിന്റെ ഉന്നമനത്തിന് സാക്ഷരത അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിഞ്ഞ് ബെഥനി സിസ്റ്റേഴ്സ് 1980-ൽ ഈ സ്കൂൾ വിലയ്ക്ക് വാങ്ങുകയും M.S.C മാനേജ്മെന്റിനോട് ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കോന്നിയുടെ മണ്ണിൽ വിജ്ഞാനത്തിന്റെ പ്രകാശ ഗോപുരമായി ഇന്നും ഈ സ്കൂൾ പ്രവർത്തനം തുടരുന്നു.

# അധ്യാപകർ - നിലവിലെ അവസ്ഥ.

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ |
|---|---|---|
| U.P | 6 | 6 |
| | ജീവനക്കാരുടെ എണ്ണം | |
| " | 1 | 1 |
| | Total | 7 |

2025 – 2026 അക്കാദമിക വർഷത്തിൽ
വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ
കുട്ടികളുടെ എണ്ണം

| Std | Boys | Girls | Total | |
|---|---|---|---|---|
| V | 6 | 8 | 14 | |
| VI | 14 | 17 | 31 | |
| VII | 9 | 16 | 25 | |
| | | Grand | Total = 70 | |

* നിലവിലുള്ള സ്കൂൾ കെട്ടിടം 60 വർഷത്തിലധികം പഴക്കമുള്ളതാണ്. പഠനത്തെ മികവുകൾ ഉയർത്തുന്നതിന് ആവശ്യമായ ഭൗതികസാഹചര്യങ്ങളുടെയും സാമഗ്രികളുടെയും അഭാവം ഈ സ്കൂൾ അഭിമുഖീകരിക്കുന്നു.

## സ്കൂളിന്റെ നേട്ടങ്ങളുടെ പട്ടിക

കേരളസർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഏർപ്പെടുത്തിയ സമഗ്ര വികസന പച്ചക്കറിയുടെ ഭാഗമായി മികച്ച പച്ചക്കറിത്തോട്ടം നിർമ്മിച്ച സ്കൂളിലെ പ്രഥമ അധ്യാപികയ്ക്കുള്ള രണ്ടാം സ്ഥാനം, മികച്ച സ്കൂളിനുള്ള രണ്ടാം സ്ഥാനം, മികച്ച അധ്യാപികയ്ക്കുള്ള രണ്ടാം സ്ഥാനം എന്നിവ കരസ്ഥമാക്കി. ഈ വർഷം നടന്ന ഗണിതശാസ്ത്രം, സയൻസ്, സോഷ്യൽ സയൻസ് മേളകളിൽ ഉന്നത സ്ഥാനം കരസ്ഥമാക്കി.

പ്രവൃത്തി പരിചയ മേളയിൽ ചോക്ക് നിർമ്മാണം, Fabric Painting, Coir making, Metal Engraving, ഇടങ്ങി 10 ഇനങ്ങളിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞു. IT മേളകളിലും സ്കൂളിന്റെ സാന്നിധ്യം അറിയിച്ചു. 2019 - 20 വർഷത്തെ കലോത്സവത്തിൽ സബ്ജില്ല Overall ഒന്നാം സ്ഥാനം കൈവരിച്ചു. 2024 - 25 വർഷത്തെ കലോത്സവത്തിൽ നാടകത്തിന് First - A grade കരസ്ഥമാക്കി. ജില്ലയിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കാൻ കഴിഞ്ഞു.

## കാഴ്ചപ്പാട്

ഈ വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികളും കുറഞ്ഞത് 3 ഭാഷകളിൽ പരിജ്ഞാനം നേടുന്നു. ക്യാമ്പസ് ഒരു പാഠപുസ്തകമാക്കി മാറ്റുക. കാർഷിക സംസ്കാരം, മാലിന്യ നിർമ്മാർജ്ജനം, ലഹരിയുടെ ഉപയോഗം എന്നിവയെ കുറിച്ചുള്ള അവബോധം നൽകി പുതുതലമുറയെ രൂപപ്പെടുത്തി എടുക്കുന്നു. കുട്ടിയുടെ കഴിവ് പരമാവധി വിഷയ പഠനത്തിൽ ഒതുക്കാതെ കേവലം സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനത്തിന് ഊന്നൽ നൽകുന്നു. എല്ലാ കുട്ടികൾക്കും ഉയർന്ന വായനാശേഷി കൈവരിക്കുന്നതിന് അവസരമുണ്ടാക്കുക എന്ന കാഴ്ചപ്പാട്. നിലവിൽ ലഭ്യമായ ICT സാധ്യതകൾ ഉപയോഗിച്ച് പഠനം മികവുറ്റതാക്കുക. വിദ്യാലയത്തിന്റെ ഗുണനിലവാര മികവ് സമൂഹ മാധ്യമങ്ങളിലേക്ക് എത്തിക്കുക.

# പൊതുലക്ഷ്യങ്ങൾ

* ക്യാമ്പസ് തന്നെ പാഠവിഷയമാക്കുക എന്ന വിഷയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക.
* കാർഷിക സംസ്കാരം വളർത്തിയെടുക്കുക, ലഹരി വിരുദ്ധ മനോഭാവം, പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത ക്യാമ്പസ് യാഥാർത്ഥ്യമാക്കുക.
* വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്ക്കരണം അർത്ഥപൂർണ്ണമാക്കുക.
* കുട്ടിയുടെ മികവിന്റെ സമസ്ത മേഖലകളുടെയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുക.
* സമഗ്ര ഗുണമേന്മ വിദ്യാലയ ആസൂത്രണം സാധ്യമാക്കുക.
* കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസ മികവ് ഉറപ്പാക്കുക.

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

പ്രവർത്തനത്തിന്റെ പേര് :- DEL [Development of English Language]

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും English ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക. | ① പഠനനില കണ്ടെത്തൽ (പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു) | ജനുവരി ആദ്യവാരം | ഇംഗ്ലീഷ് ടീച്ചർ. | – |
| | ② പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. | ജനുവരി 20-ന് മുമ്പ് | H.M English Teachers. | – |
| | ③ ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | English Teacher. | – |
| | ④ ഇംഗ്ലീഷ് വാക്കുകളുടെ അർത്ഥം കുട്ടികൾ തനിയെ Dictinary-ൽ നിന്ന് കണ്ടെത്തുന്നു. | ആഴ്ചയിൽ 2 ദിവസം | English Teacher | – |
| | ⑤ Let's Speak English Spoken English Class | ആഴ്ചയിൽ 1 ദിവസം | English Teacher | – |
| | ⑥ ഇംഗ്ലീഷ് മാഗസിൻ, Profile of Poets, പതിപ്പുകൾ | ജനുവരി | English Teacher | – |

## ഉപമേഖല - മലയാളം

## പ്രവർത്തന പേര് - മധുരം മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | ① പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു | ജനുവരി ആദ്യവാരം | മലയാളം അധ്യാപിക | — |
| | ② പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ്. | ജനുവരി | മലയാളം അധ്യാപിക | — |
| | ③ ചിത്ര അവതരണങ്ങളിലൂടെ അക്ഷരം പരിചയപ്പെടുത്തുന്നു വാക്കുകൾ, വാക്യങ്ങൾ എന്നിവയിലൂടെ പഠന പുരോഗതി നേടുന്നു. | June to Sept | മലയാളം അധ്യാപിക | — |
| | ④ മലയാളം ലൈബ്രറി (ലഘുവായനാ പുസ്തകം) | ജനുവരി | H.M മലയാളം അധ്യാപിക | — |
| | ⑤ കവി പരിചയം അസംബ്ലിയിൽ | ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപിക | — |
| | ⑥ മാതൃഭാഷാ സർഗ്ഗോത്സവം | ഫെബ്രുവരി | PTA Teachers Students | — |

## ഉപമേഖല - അടിസ്ഥാനശാസ്ത്രം
## പ്രവർത്തനപേര് - ശാസ്ത്ര കൗതുകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ പരിസ്ഥിതി ബോധം, ശാസ്ത്ര ബോധം നിരീക്ഷണ പാടവം എന്നിവ കണ്ടെത്തി പരിപോഷിപ്പിച്ച് ശാസ്ത്രബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക. | (1) ഫീൽഡ് ട്രിപ്പ്, അഭിമുഖം, സെമിനാറുകൾ, സംവാദം എന്നിവ സംഘടിപ്പിക്കുക. | February to September | ശാസ്ത്ര അധ്യാപിക | – |
| | (2) ലൈബ്രറിയിലുള്ള ശാസ്ത്രപുസ്തകങ്ങൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | January | ശാസ്ത്ര അധ്യാപിക | – |
| | (3) Fast food ഉപയോഗം മനസിലാക്കാൻ Project തയ്യാറാക്കൽ | December | ശാസ്ത്ര അധ്യാപിക | – |
| | (4) പച്ചക്കറിത്തോട്ട നിർമ്മാണം, പരിപാലനം | 6 മാസം | P.T.A H.M Teachers | – |
| | (5) ശാസ്ത്ര കൈയ്യെഴുത്ത് മാസിക, ശാസ്ത്ര നാടകം ആവിഷ്കരിച്ച് ഇവ തയ്യാറാക്കി അവതരിപ്പിക്കുന്നു. | Sept to January | ശാസ്ത്ര അധ്യാപിക | – |
| | | | | |

# ഉപമേഖല - ഹിന്ദി
## പ്രവർത്തന പേര് - मीरा हिन्दी

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഫലപ്രദമായി ഹിന്ദി എഴുതാനും വായിക്കാനുമുള്ള കഴിവ് നേടിക്കൊടുക്കുക. | 1) പ്രീടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്ന വരെ കണ്ടെത്തുന്നു. | ജനുവരി ആദ്യ ആഴ്ച | ഹിന്ദി അധ്യാപിക | - |
| | 2) അക്ഷര കാർഡ് :- വാക്കുകൾ എഴുതി കാർഡ് നിർമ്മിക്കുന്നു വാക്കുകൾ നിർമ്മിക്കുന്നു. | ജനുവരി മുതൽ നവംബർ | ഹിന്ദി അധ്യാപിക | - |
| | 3) ഹിന്ദി അസംബ്ലി (ജീവചരിത്ര കുറിപ്പ് അവതരണം) | ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി അധ്യാപിക | - |
| | 4) ICT സാധ്യതയോടെ കഥ, കവിത, കാർട്ടൂൺ പരിചയപ്പെടുത്തുന്നു. | ദിനംപ്രതി | ഹിന്ദി അധ്യാപിക | - |
| | 5) ഹിന്ദി ടെസ്റ്റ് | December | P.T.A H.M Teachers. | - |

ഉപമേഖല - ഗണിതം

പ്രവർത്തന പേര് - ജീവിതം ഗണിതമയം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രായോഗിക ജീവിതത്തിൽ ഗണിതത്തിന്റെ സ്ഥാനം തിരിച്ചറിയുക. | 1) ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പ്രീടെസ്റ്റിലൂടെ കണ്ടെത്തുന്നു. | ജനുവരി ആദ്യവാരം | ഗണിത അധ്യാപിക | - |
| പ്രശ്നം വിശകലനം ചെയ്യാനുള്ള | 2) പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു | ഫെബ്രുവരി ആദ്യവാരം | ഗണിത അധ്യാപിക | - |
| കഴിവ് ആർജിക്കുക, പ്രശ്നപരിഹാര ശേഷി സ്വായത്തമാക്കുക. | 3) ഗണിത ക്ലബുകൾ, പസിലുകൾ, ചാർട്ടുകൾ, രൂപങ്ങൾ, ചിത്രം വരയ്ക്കൽ എന്നിവ ഒഴിവ് സമയങ്ങളിൽ കുട്ടികളെക്കൊണ്ട് ചെയ്യിക്കുന്നു | Free Time | ഗണിത അധ്യാപിക | - |
| | 4) ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു. | February | ഗണിത അധ്യാപിക | - |
| | 5) ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വസ്തുക്കളുടെ നിർമ്മാണ പ്രദർശനം. | March | P.T.A H.M Teacher | - |

# ഉപമേഖല - സോഷ്യൽ സയൻസ്

## പ്രവർത്തന പേര് - ചരിത്രത്തിലേക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സാമൂഹ്യ കാഴ്ചപ്പാട്, സാമൂഹ്യബോധം, വ്യക്തിത്വ രൂപീകരണം എന്നിവ വളർത്തുക. | 1) ദിനാചരണവുമായി ബന്ധപ്പെട്ട് സാമൂഹ്യപരിഷ്കർത്താക്കളുടെ ജീവചരിത്രം തയ്യാറാക്കുക, ഇതിനെ അടിസ്ഥാനമാക്കി പ്രസംഗം, ഉപന്യാസം ഇവ തയ്യാറാക്കുക. | ജനുവരി മുതൽ ഡിസംബർ വരെ | സോഷ്യൽ സയൻസ് അധ്യാപിക | - |
| | 2) Field Trip [ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ] | ജനുവരി | സോഷ്യൽ സയൻസ് അധ്യാപിക H.M | - |
| | 3) ഇന്ത്യ, കേരളം ഇവയുടെ മാപ്പ് തയ്യാറാക്കുന്നു. | 1 വർഷം | രക്ഷകർത്താക്കൾ, കുട്ടികൾ | - |
| | 4) നാണയം, സ്റ്റാമ്പ് സാമൂഹ്യ പരിഷ്കർത്താക്കളുടെ ചിത്രങ്ങൾ ഇവ ശേഖരിച്ച് ആൽബം തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. | February | രക്ഷകർത്താക്കൾ, കുട്ടികൾ | - |
| | | | | |

# ഉപമേഖല - സംസ്കൃതം

## പ്രവർത്തന പേര് - प्राश संस्कृत

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംസ്കൃത അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ എന്നിവ സ്വായത്തമാക്കുന്നതിന് | 1) അക്ഷരക്കാർഡിലൂടെ അക്ഷരങ്ങളും, വാക്കുകളും പ്രദർശിപ്പിക്കുന്നു. | ജനുവരി | സംസ്കൃത അധ്യാപിക | – |
| | 2) ചെറിയ കഥ, കവിത, പുസ്തകങ്ങൾ എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | 1 വർഷം | സംസ്കൃത അധ്യാപിക | – |
| | 3) കുട്ടികളെക്കൊണ്ട് രചനകൾ എഴുതാൻ പ്രോത്സാഹിപ്പിക്കുന്നു. | 1 വർഷം | സംസ്കൃത അധ്യാപിക | – |
| | 4) അസംബ്ലിയിൽ സംസ്കൃതത്തിന്റെ വളർച്ച വികാസം എന്നിവ കുട്ടികൾ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃത അധ്യാപിക | – |
| | 5) സംസ്കൃത വാക്കുകളും, ചിത്രങ്ങളും വെട്ടിയൊട്ടിച്ച ആൽബം തയ്യാറാക്കുന്നു. | ജനുവരി | സംസ്കൃത അധ്യാപിക | – |

ഉപമേഖല – കലാകായികം, ആരോഗ്യം

പ്രവർത്തന പേര് – സർഗ്ഗ ദീപ്തി.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുക. | 1) Talent Lab കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ ക്ലബ്ബ്, മീറ്റിങ്ങ് ഇവയിലൂടെ കണ്ടെത്തുന്നു. | January to October | BRC അദ്ധ്യാപകർ Teachers. | – |
| | 2) ആഴ്ചയിൽ 3 ദിവസം കല, കായിക, പ്രവൃത്തി പരിചയം എന്നിവ പരിപോഷിപ്പിക്കുന്നതിനായി BRC അദ്ധ്യാപകരുടെ സേവനം ഉപയോഗിക്കുന്നു. | ആഴ്ചയിൽ 3 ദിവസം | BRC അദ്ധ്യാപകർ | – |
| | 3) സർഗ്ഗോത്സവം | നവംബർ | H.M Teachers കുട്ടികൾ | – |
| ആരോഗ്യം കൗമാര പ്രായത്തിൽ കുട്ടികൾ നേരിടുന്ന ശാരീരിക, മാനസിക, വൈകാരിക മാറ്റങ്ങൾ കുട്ടികളെ മനസ്സിലാക്കുന്നു. | ഈ മേഖലയുമായി ബന്ധപ്പെട്ട പ്രഗത്ഭരായ ആളുകളെ ക്ഷണിച്ച് Class സംഘടിപ്പിക്കുന്നു. | February | H.M. | |

# ഉപസംഹാരം

അക്കാദമിക മികവുമായി നിലവിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ പൂർത്തിയാക്കി സ്കൂളിനെ മികവിലേയ്ക്ക് എത്തിക്കുന്നതിന് P.T.A അംഗങ്ങൾ, തദ്ദേശവാസികൾ, പൂർവ്വവിദ്യാർത്ഥികൾ പഞ്ചായത്ത് അംഗങ്ങൾ, സർവ്വീസിൽ നിന്നും വിരമിച്ച അധ്യാപകർ ഇവരുടെയെല്ലാം സഹായ സഹകരണങ്ങളും പിന്തുണയും ഉറപ്പ് നൽകുന്നു.

ST. THOMAS U.P. SCHOOL
GOVT. AIDED
Thomas U.P. School

Headmistress
St.Thomas U.P. School
Vak...

Yours faithfully.

ST. THOMAS E.M.L.P. SCHOOL

LOVE • WISDOM • TRUTH

VAKAYAR

